**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 403** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ടെക്നോപാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളെ തുടർന്ന് മുള്ളുവിള പ്രദേശത്ത് രൂപപ്പെട്ട വെള്ളക്കെട്ട്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** കഴക്കൂട്ടത്ത് ടെക്നോപാർക്കിനായി ഏറ്റെടുത്ത സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിനെ തുടർന്ന് മുള്ളുവിള പ്രദേശത്ത് വെള്ളക്കെട്ട് രൂപപ്പെട്ട് ജനജീവിതം ദുസ്സഹമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ടെക്നോപാർക്ക് ഒന്നാംഘട്ട വികസനത്തിനുവേണ്ടി ഏറ്റെടുത്ത ഭൂമിയിൽ മുള്ളുവിള പ്രദേശത്തെ ഒരു ഭാഗം കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിനായി ഉപയോഗിച്ചിട്ടുണ്ട്. പ്രസ്തുത പ്രദേശം താഴ്ന്ന ഭാഗമായതിനാലും അതിന്റെ അതിർത്തിയോട് ചേർന്ന ടെക്നോപാർക്ക് ഭൂമി ഉയർന്ന പ്രദേശമായതിനാലും ടി പ്രദേശത്ത് മഴക്കാലത്ത് വെള്ളക്കെട്ട് രൂപപ്പെടാറുണ്ട്. ടി വെള്ളം തെറ്റിയാർതോടിലേക്ക് ഒഴുക്കിവിടുന്നതിന് കനാലുകളും ഓടകളും ടെക്നോപാർക്ക് നിർമ്മിച്ചിട്ടുണ്ട്. എന്നാൽ വസ്തുക്കൾ തമ്മിലുള്ള ഉയര വ്യത്യാസം മഴക്കാലത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

**(ബി)** വെള്ളക്കെട്ട് കാരണം ജീവിതം ദുരിതത്തിലായതിനാൽ ഉചിതമായ നഷ്ടപരിഹാരം നൽകിക്കൊണ്ട് പ്രസ്തുത സ്ഥലം സർക്കാർ ഏറ്റെടുക്കണം എന്ന പ്രദേശവാസികളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ഉണ്ട്. പ്രദേശവാസികളുടെ പരാതിയെ തുടർന്ന് ജനപ്രതിനിധികളും ടെക്നോപാർക്ക് അധികൃതരും പ്രസ്തുത സ്ഥലം സന്ദർശിച്ചിരുന്നു. പ്രസ്തുത പ്രദേശത്തിലുൾപ്പെടുന്ന എല്ലാ ഭൂവുടമകളും ഭൂമിയുടെ ഉടമസ്ഥത തെളിയിച്ചിട്ടില്ല. കൂടാതെ തിരുവനന്തപുരം നഗരസഭയുടെ ഒരു അംഗൻവാടി ടി പ്രദേശത്ത് സ്ഥിതിചെയ്യുന്നുണ്ട്. എല്ലാ ഭൂവുടമകളും ആവശ്യമായ രേഖകൾ സമർപ്പിക്കുകയും അംഗൻവാടി മാറ്റി സ്ഥാപിക്കുന്നതിനുള്ള തീരുമാനം ഉണ്ടാവുകയും ചെയ്താൽ മാത്രമേ പ്രശ്ന പരിഹാരത്തിനുള്ള സാധ്യത ഉണ്ടാവുകയുള്ളൂ

സെക്ഷൻ ഓഫീസർ